## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3127 — 18.10. 2016 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.യിലെ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തിക

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ)കെ.എസ്.ഇ.ബി.യിൽ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്നും മീറ്റർ റീഡർ/സ്പോട്ട് ബില്ലർ എന്ന തസ്തികയിലേക്ക് എന്നാണ് ഏറ്റവുമൊടുവിൽ നിയമനം നടത്തിയത് ; പ്രസ്തുത കാറ്റഗറിയിലെ ഒഴിവുകളുടെ എണ്ണം ഡിവിഷൻ തിരിച്ച് വ്യക്തമാക്കാമോ; ഈ തസ്തികകളിൽ താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) 03.09.2011-ൽ. ഒഴിവുകൾ സംസ്ഥാനാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. നിലവിൽ 532 ഒഴിവുകൾ ഉണ്ട്. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം കോഴിക്കോട് നടത്തുകയും ഒരു റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി ഈ റിപ്പോർട്ട് പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആവശ്യമായ തസ്തികകൾ (മീറ്റർ റീഡർ ഉൾപ്പെടെ), അനുവദനീയമായ ഒഴിവുകൾ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ തസ്തികകളിൽ താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടില്ല. |
| (ബി) പ്രസ്തുത കാറ്റഗറിക്കായി പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോയെന്നും, ഈ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നും, ഈ ലിസ്റ്റിൽ നിന്നും ഇതേവരെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് എന്നും അറിയിക്കാമോ; നിയമനം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) റാങ്ക് ലിസ്റ്റ് നിലവിലില്ല., |

| | |
|---|---|
| (സി) കെ.എസ്.ഇ.ബി.യിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ, കരാർ അടിസ്ഥാനത്തിലോ, മറ്റ് സ്വകാര്യ ഏജൻസികൾ മുഖേനയോ നടപ്പിലാക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) തീരുമാനിച്ചിട്ടില്ല |
| (ഡി) കെ.എസ്.ഇ.ബി.യിലെ മീറ്റർ റീഡർ ഉൾപ്പെടെയുള്ള ഒഴിവു സംബന്ധിച്ചും അവ നികത്തുന്നതു സംബന്ധിച്ചും പഠനം നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയത്; ഇവർ പഠനം നടത്തുന്നതിനായി എത്ര തുകയാണ് ചെലവഴിച്ചത്; വ്യക്തമാക്കുമോ; | (ഡി)ഐ.ഐ.എം കോഴിക്കോടിനെ ചുമതലപ്പെടുത്തിയിരുന്ന പഠനങ്ങളിൽ ഇക്കാര്യവും ഉൾപ്പെടും ഇതുവരെ ഇവർക്ക് 25,90,663/- രൂപ കൈമാറിയിട്ടുണ്ട്. മൊത്തം നൽകേണ്ട തുക 57,57,326/- ആണ്. |
| (ഇ) പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചോ; എങ്കിൽ റിപ്പോർട്ട് നടപ്പാക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ടി റിപ്പോർട്ട് സംബന്ധിച്ച് പഠനം നടത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇവർക്ക് കാലാവധി നിശ്ചയിച്ചു നൽകിയിട്ടുണ്ടോ; | (ഇ)ഐ.ഐ.എം കോഴിക്കോട് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ഡയറക്ടർ(ഫിനാൻസ്)-ന്റെ കീഴിലുള്ള സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് നടപ്പിലാക്കാൻ സർക്കാർ കാലാവധി നിശ്ചയിച്ചു നൽകിയിട്ടില്ല. |
| (എഫ്) ബോർഡിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ആ കാറ്റഗറിയിലെ റാങ്ക് ലിസ്റ്റിൽ നിന്നു മാത്രം നിയമനം നടത്തുന്നതിനും കരാർ തൊഴിലാളികളെ ഒഴിവാക്കുന്നതിനും എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (എഫ്) പി.എസ്.സി. വഴി നിയമിക്കേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നു. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനങ്ങൾ നൽകുന്നതാണ്. കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. എന്നാൽ ചില പ്രവർത്തികൾ വർക്ക് കോൺട്രാക്ട് പ്രകാരം നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ